# പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 774 — 16.07.2014-ൽ മറുപടിയ്ക്ക്

## വിമാനത്താവളങ്ങളും തുറമുഖങ്ങളും കേന്ദ്രീകരിച്ചുള്ള വ്യവസായ വികസന മേഖലകൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. സി.പി.മുഹമ്മദ്<br>ശ്രീ. പാലോട് രവി<br>ശ്രീ. എം.പി.വിൻസെന്റ് | ശ്രീ.പി.കെ കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവര സാങ്കേതികവും വകുപ്പ് മന്ത്രി) |
| (എ) വിമാനത്താവളങ്ങളും തുറമുഖങ്ങളും കേന്ദ്രീകരിച്ച് വ്യവസായ വികസനമേഖലകൾ ആരംഭിക്കാൻ പദ്ധതി രൂപീകരിച്ചിട്ടുണ്ടോയെന്ന് വിശദമാക്കുമോ; | (എ) ഉണ്ട്. സംസ്ഥാനത്തെ തുറമുഖങ്ങളെയും വിമാനത്താവളങ്ങളെയും ബന്ധപ്പെടുത്തി വ്യവസായിക അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിച്ചുകൊണ്ട് കൂടുതൽ നിക്ഷേപം ആകർഷിക്കുന്നതിനും തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും വിഭാവനം ചെയ്തിട്ടുള്ള ഒരു പദ്ധതിയാണ് വ്യവസായ വികസനമേഖല.തിരുവനന്തപുരം, എറണാകുളം, കോഴിക്കോട്, കണ്ണൂർ എന്നീ മേഖലകളിലാണ് പ്രസ്തുത പദ്ധതി സ്ഥാപിക്കുക. ഇതുവഴി ഉൽപ്പാദന മേഖലയിലെ വ്യവസായങ്ങൾ, വാണിജ്യ സംരംഭങ്ങൾ കൂടാതെ സാമൂഹ്യ അടിസ്ഥാനസൗകര്യങ്ങളുടെയും വികസനമാണ് ഈ പദ്ധതികൊണ്ട് ലക്ഷ്യമിടുന്നത്. ഇതുവഴി ഈ മേഖലയെ സംസ്ഥാനത്തെ പ്രധാനപ്പെട്ട ഉൽപ്പാദന വ്യവസായ കേന്ദ്രമായി മാറ്റുന്നതിനാണ് പദ്ധതി വിഭാവനം ചെയ്യുന്നത്. ഏകദേശം 3000 ഏക്കർ ഭൂമിയാണ് ഇതിലേക്കായി കണ്ടെത്തിയിരിക്കുന്നത്. പ്രസ്തുത മേഖലയെ വികസിപ്പിക്കുന്നതിനായി ഭൂമി ഏറ്റെടുക്കുന്നതിനുള്ള തത്വത്തിലുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്.ഭൂമി ഏറ്റെടുക്കൽ നടപടികൾ കിൻഫ്ര മുഖാന്തിരം സ്വീകരിച്ച് വരികയാണ്. |
| (ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം; | (ബി) കേരളത്തെ വ്യവസായ നിക്ഷേപ സംസ്ഥാനമായി വികസിപ്പിക്കുക, സംയോജിത വികസനത്തിനായി തയ്യാറാക്കുക, വ്യവസായ വികസനത്തിൽ സ്വകാര്യ പങ്കാളിത്തത്തിന് അവസരമുണ്ടാക്കുക, Logistics Hub-നോട് അനുബന്ധമായി ലോകോത്തര അടിസ്ഥാന സൗകര്യം ഒരുക്കുക എന്നിവയാണ് ഈ പദ്ധതിയുടെ പ്രധാന ലക്ഷ്യങ്ങൾ |
| (സി) വ്യവസായ കുതിപ്പിന് ഇത് എത്രമാത്രം പ്രയോജനപ്പെട്ടുമെന്നാണ് പ്രതീക്ഷിക്കുന്നത്; വിശദമാക്കുമോ; | (സി) വ്യവസായ വികസനത്തിനും നിക്ഷേപ സമാഹരണത്തിനും സംസ്ഥാനം ഇന്നു നേരിടുന്ന പ്രധാന പ്രശ്നം ഭൂമി, ഗതാഗതസൗകര്യം, മറ്റ് അടിസ്ഥാന ഘടകങ്ങൾ, ജലം, വൈദ്യുതി തുടങ്ങിയ അടിസ്ഥാനസൗകര്യങ്ങളുടെ അഭാവമാണ്. വിമാനത്താവളങ്ങളും തുറമുഖങ്ങളും കേന്ദ്രീകരിച്ചുള്ള IDZ മേൽപ്പറഞ്ഞ ഘടകങ്ങൾ ഒരുക്കുന്നതിലൂടെ വ്യവസായ വികസനം ത്വരിതപ്പെടുത്തുകയും അതുവഴി അഭ്യസ്തവിദ്യർക്ക തൊഴിലും, കൂടുതൽ മുതൽമുടക്കും സംസ്ഥാനത്തേയ്ക്ക് കൊണ്ടുവരികയും ചെയ്യുമെന്ന് പ്രതീക്ഷിക്കുന്നു. |

| | |
|---|---|
| (ഡി) പദ്ധതി നടത്തിപ്പിനുള്ള ധനം എങ്ങനെ സമാഹരിക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം? | (ഡി) വ്യവസായ വികസനമേഖലയ്ക്കായി ആകെ കണക്കാക്കിയിട്ടുള്ള ചെലവ് 1850 കോടിരൂപയാണ്. ടി തുകയിൽ 500 കോടിരൂപ സർക്കാർ വിഹിതമായും, 350 കോടിരൂപ ആർജ്ജിതവരുമാനത്തിലൂടെയും, 1000 കോടിരൂപ പദ്ധതിക്കായുള്ള ബോണ്ടുകളിലൂടെയും കണ്ടെത്താൻ ഉദ്ദേശിച്ചുകൊണ്ടാണ് പദ്ധതിക്ക് തത്വത്തിൽ ഭരണാനുമതി നൽകിയിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ